(ഇ) ഇവർ ഓരോരുത്തർക്കും വേണ്ടി എന്തു തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ യാത്ര നടത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട ഔദ്യോഗിക യാത്രകളാണ് നടത്തിയിട്ടുള്ളത്.

(സി) 34 ഭിന്നതല പഠനകേന്ദ്രങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

(ഡി) ഇൻസ്ട്രക്ടർമാർക്ക് തൽസമയ സഹായം നൽകുന്നതിനും പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ഇവരുടെ സന്ദർശനം മൂലം സാധ്യമായിട്ടുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷം മൊത്തം പദ്ധതി നടത്തിപ്പിനായി ടി.എ. ഇനത്തിൽ 29,91,993 /- രൂപ ചെലവഴിച്ചിട്ടുണ്ട്.

37 (452) എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ രൂപാ രാജൻ എന്ന വിദ്യാർത്ഥിനിയുടെ റാങ്കിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതെപ്രകാരം സംഭവിച്ചു എന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത കുട്ടിയുടെ ഏതെല്ലാം ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തി;

(ഡി) ഈ മൂല്യനിർണ്ണയത്തിൽ എത്രമാർക്ക് കൂടുതൽ കിട്ടി;

(ഇ) അതിന് തൊട്ടുമുമ്പുള്ള വർഷത്തിലും റാങ്കിംഗിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(എഫ്) മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുമാരി രൂപാരാജന്റെ ഹിസ്റ്ററി ആന്റ് സിവിക്സിന്റെ ഉത്തരപേപ്പർ മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപിക ആകെ ലഭിച്ച മാർക്ക് കൂട്ടി ഉത്തരപേപ്പറിലും മാർക്കുഷീറ്റിലും എഴുതിയതിൽ വന്ന പിശകുമൂലമാണ് ഇപ്രകാരം സംഭവിക്കാൻ ഇടയായത്.

(സി) കുട്ടിയുടെ എല്ലാ(12) ഉത്തരപേപ്പറുകളും പുനർമൂല്യനിർണ്ണയം നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുനർമൂല്യനിർണയത്തിൽ മൊത്തം 17 മാർക്ക് കൂടുതൽ കിട്ടുകയുണ്ടായി.

(ഇ) 1998 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് പ്രഖ്യാപിച്ച സമയം ഒരു റാങ്ക് ജേതാവിന്റെ പേരു വിവരം വിട്ടുപോയ സംഭവം ഉണ്ടായിട്ടുണ്ട്. മാർക്ക് ടാബുലേറ്റ് ചെയ്ത സമയം ആകെ ലഭിച്ച മാർക്ക് 581 എന്നത് 481 എന്ന് തെറ്റായി രേഖപ്പെടുത്താനിടയായതിനാലാണ് ആ കുട്ടി ആദ്യം റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാതെ പോയത്. തുടർന്ന് തെറ്റുകണ്ടുപിടിച്ച് തിരുത്തുകയും ആറാം റാങ്കിന് പ്രസ്തുത കുട്ടിയെ അവകാശിയായി പ്രഖ്യാപിക്കുകയും ചെയ്തു.

(എഫ്) മേലിൽ ഇത്തരം പോരായ്മകൾ സംഭവിക്കാതിരിക്കുന്നതിന് പരീക്ഷാ കടലാസ്സുകൾ നോക്കാൻ ചുമതലപ്പെട്ട അദ്ധ്യാപകർക്കും ടാബുലേഷൻ ജോലിയുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർക്കും കർശനമായ നിർദ്ദേശങ്ങൾ നൽകുവാനും ഈ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നവർക്കെതിരെ ശിക്ഷണനടപടികളുൾപ്പെടെയുള്ള അച്ചടക്കനടപടികൾ കൈക്കൊള്ളുവാനും തീരുമാനിച്ചിട്ടുണ്ട്.

38 (453) അദ്ധ്യാപികയുടെ നിയമന അംഗീകാരം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നെല്ലിക്കുന്ന് എ.യു.പി. സ്കൂളിൽ ജോലിചെയ്യുന്ന ശ്രീമതി ലളിതകുമാരി എന്ന അദ്ധ്യാപികയുടെ നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷ പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച ആവശ്യമായ ഫയലുകൾ കാസർഗോഡ് എ.ഇ.ഒ. ഓഫീസിൽ നിന്നും സമർപ്പിക്കുവാൻ തയ്യാറാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ചുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രീമതി ലളിതകുമാരി എന്ന അദ്ധ്യാപികയുടെ ബി.എഡ്. സർട്ടിഫിക്കറ്റിൽ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത അദ്ധ്യാപികയുടെ നിയമനാംഗീകാര അപേക്ഷ കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

(ബി) കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഇതു സംബന്ധിച്ച ആവശ്യമായ ഫയലുകൾ സമർപ്പിക്കുവാൻ ആരുംതന്നെ ആവശ്യപ്പെട്ടിട്ടില്ല.

(സി) കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അപേക്ഷ തിരസ്ക്കരിച്ചതിനുശേഷം കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത വിഷയത്തെപ്പറ്റിയുള്ള റിപ്പോർട്ട് കാസർഗോഡ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly